**പതിനാലാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4397     25.06.2019 -ൽ മറുപടിക്ക്**

**പട്ടം ജംഗ്ഷനിലെ മേൽപ്പാലനിർമ്മാണം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി.എസ്.ശിവകുമാർ :** | **ശ്രീ. ജി. സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പട്ടം ജംഗ്ഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്; മേൽപ്പാലത്തിനായുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം ആരംഭിച്ചോയെന്നും ഏത് ഏജൻസിയെയാണ് ഇതിനായി ചുമതലപ്പെടുത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (എ) പട്ടം ജംഗ്ഷനിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന മേൽപ്പാലത്തിനായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചു വരുന്നു. മേൽപ്പാലത്തിനുള്ള സോഷ്യൽ ഇംപാക്റ്റ് പഠനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പഠനത്തിനുള്ള ഏജൻസിയായി രാജഗിരി ഔട്ട് റീച്ച്, കളമശ്ശേരി എന്ന സ്ഥാപനത്തെ ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) മേൽപ്പാലത്തിന്റെ നിർമ്മാണച്ചുമതല ഏത് ഏജൻസിയ്ക്കാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) നിർമ്മാണത്തിനുള്ള ഏജൻസിയെ നിയമിച്ചിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് നിർമ്മാണത്തിനുള്ള ഏജൻസിയെ നിയമിക്കുന്നതാണ്. |
| (സി) പ്രസ്തുത നിർമ്മാണത്തിനായി സ്ഥലമേറ്റെടുക്കേണ്ടതായിട്ടുണ്ടോ; എങ്കിൽ അതിനായുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (സി) ഉണ്ട്. സ്ഥലമേറ്റെടുക്കുന്നതിന്റെ ഭാഗമായുള്ള സാമൂഹികാഘാത പഠനം ആരംഭിച്ചിട്ടുണ്ട്. സാമൂഹികാഘാത പഠന റിപ്പോർട്ട് ലഭ്യമായതിനു ശേഷം സ്ഥലമെടുപ്പ് സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**